"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

സൈനിക ക്ഷേമ വകുപ്പ് - രാജ്യസൈനിക ബോർഡ് യോഗം നടക്കാത്ത സാഹചര്യത്തിൽ സ്റ്റേറ്റ് മിലിട്ടറി ബെനവലന്റ് ഫണ്ടിൽ നിന്നും സാമ്പത്തിക സഹായം വിതരണം ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സൈനിക ക്ഷേമ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.14/2026/SWD തീയതി,തിരുവനന്തപുരം, 06-01-2026

---

പരാമർശം:- സൈനിക ക്ഷേമ ഡയറക്ടർ ഇൻ-ചാർജ്ജിന്റെ 27.10.2025-ലെ DSW/1053/2025-B2 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

സ്റ്റേറ്റ് മിലിട്ടറി ബെനവലന്റ് ഫണ്ടിൽ നിന്നും നിർദ്ധനരായ വിമുക്തഭടന്മാർക്കും അവരുടെ ആശ്രിതർക്കും നൽകിവരുന്ന വിവിധയിനം സാമ്പത്തിക സഹായങ്ങൾക്കായി എല്ലാ വർഷവും ചേരുന്ന രാജ്യസൈനിക ബോർഡ് മുൻപാകെ ബഡ്ജറ്റ് അവതരിപ്പിച്ച് അംഗീകാരം നേടുന്ന മുറയ്ക്കാണ് ധനസഹായം വിതരണം ചെയ്തുവരുന്നത്. എല്ലാ വർഷവും കാർ ഫ്ലാഗുകളുടെയും ടോക്കൺ ഫ്ലാഗുകളുടെയും വിൽപനയിലൂടെ സമാഹരിക്കുന്ന പതാകദിന ഫണ്ടിന്റെ 85% വിഹിതമായി ലഭിക്കുന്ന തുകയും സ്ഥിരനിക്ഷേപത്തിന്റെ പലിശയിനത്തിൽ ലഭിക്കുന്ന തുകയുമാണ് സ്റ്റേറ്റ് മിലിട്ടറി ബെനവലന്റ് ഫണ്ടിൽ വരുന്നത്.

രാജ്യസൈനിക ബോർഡ് 2025-ൽ യോഗം ചേരാത്ത സാഹചര്യത്തിൽ സ്റ്റേറ്റ് മിലിട്ടറി ബെനവലന്റ് ഫണ്ടിൽ നിന്നും വിതരണം ചെയ്യുന്ന "Financial Assistance for Organ Transplantation, Financial Assistance to Daughters of 2nd World War Veterans" എന്നീ ഇനങ്ങളിൽ ധനസഹായം വിതരണം ചെയ്യുന്നതിനും, വിതരണം ചെയ്ത തുകയുടെ സാധൂകരണത്തിനായി അടുത്ത രാജ്യസൈനിക ബോർഡ് യോഗത്തിൽ അവതരിപ്പിക്കുന്നതിനും അനുമതി നൽകണമെന്ന് പരാമർശം പ്രകാരം സൈനിക ക്ഷേമ ഡയറക്ടർ ഇൻ-ചാർജ്ജ് സർക്കാരിനോട് ആവശ്യപ്പെടുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. രാജ്യസൈനിക ബോർഡ് 2025-ൽ വാർഷിക യോഗം ചേരാത്ത സാഹചര്യത്തിൽ 08.07.2024-ൽ ചേർന്ന രാജ്യസൈനിക ബോർഡ് യോഗം അംഗീകരിച്ച 2025-2026 വർഷത്തെ ആകെ ബഡ്ജറ്റ് എസ്റ്റിമേറ്റ് തുകയിൽ മാറ്റം വരുത്താതെ "Financial Assistance for Organ Transplantation, Financial Assistance to Daughters of 2nd World War Veterans" എന്നീ ഇനങ്ങളിൽ നടപ്പ് സാമ്പത്തിക വർഷം സ്റ്റേറ്റ് മിലിട്ടറി ബെനവലന്റ് ഫണ്ടിൽ നിന്നും ധനസഹായം വിതരണം ചെയ്യുന്നതിന് അനുമതി

നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. അപ്രകാരം തുക വിതരണം ചെയ്യുന്നത് അടുത്ത രാജ്യസൈനിക ബോർഡ് യോഗത്തിൽ അവതരിപ്പിച്ച് സാധൂകരിക്കുന്നതിന് സൈനിക ക്ഷേമ ഡയറക്ടർ നടപടി സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മുഹമ്മദ് റിയാസ്
അഡിഷണൽ സെക്രട്ടറി

To:-

1. ഡയറക്ടർ, സൈനിക ക്ഷേമ വകുപ്പ്, വികാസ് ഭവൻ, തിരുവനന്തപുരം.
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
4. സബ് ട്രഷറി ആഫീസർ, സബ് ട്രഷറി, തിരുവനന്തപുരം.
5. ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്.
6. സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം

Signed by
Shailakumari. M
Date: 06-01-2026 15:50:29

സെക്ഷൻ ഓഫീസർ

പകർപ്പ്:-

1. ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
2. സൈനിക ക്ഷേമ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.-യ്ക്ക്
3. സൈനിക ക്ഷേമ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ.-യ്ക്ക്